പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *178 | 01.02.2018 ൽ മറുപടിയ്ക്ക് |
|---|---|
| **പെൺകുട്ടികൾക്കായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.ആന്റണി ജോൺ<br>,, പി.ടി.എ. റഹീം<br>,, എസ്.രാജേന്ദ്രൻ<br>,, കെ.വി.വിജയദാസ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) പതിനെട്ട് വയസ്സ് വരെയുള്ള പെൺകുട്ടികളുടെ ആരോഗ്യം, നൈപുണ്യ വികസനം എന്നിവ ലക്ഷ്യമാക്കിയിട്ടുള്ള സബല, കിശോരി ശക്തിയോജന എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതികളുടെ കേന്ദ്ര സംസ്ഥാന വിഹിതം എത്ര റീതമാണെന്ന് വ്യക്തമാക്കാമോ; | (ബി) ഈ പദ്ധതികളുടെ കേന്ദ്ര-സംസ്ഥാന വിഹിതം ന്യൂട്രീഷൻ കമ്പോണന്റ് 50:50 അനുപാതത്തിലും നോൺ ന്യൂട്രീഷൻ കമ്പോണന്റ് 60:40 എന്നീ അനുപാതത്തിലുമാണ്. |
| (സി) പ്രസ്തുത പദ്ധതികളുടെ കേന്ദ്ര വിഹിതവും ഗുണഭോക്താക്കളുടെ പ്രായപരിധിയും ഇപ്പോൾ കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചിട്ടുണ്ടോയെന്നും പദ്ധതികൾ സംബന്ധിച്ച നിബന്ധനകളിൽ മാറ്റം വരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (സി)<br>1. സബല പദ്ധതി, സ്കീം ഫോർ അഡോളസെന്റ് ഗേൾസ് (SAG) എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്.<br>2. 11-14 വയസ്സ് വരെയുള്ള സ്കൂളിൽ പോകാത്ത പെൺകുട്ടികൾക്കുള്ള അനുപൂരക പോഷകാഹാരത്തിന്റെ റേറ്റ് 5 രൂപ പ്രതിദിനം എന്നത് 9.50 രൂപയായി, കേന്ദ്ര സർക്കാർ ഉയർത്തിയിട്ടുണ്ട്.<br>3. SAG പദ്ധതി 11-14 വയസ്സ് വരെയുള്ള സ്കൂളിൽ പോകാത്ത പെൺകുട്ടികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളതും, കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുമെന്നും ഇത്തരത്തിൽ വ്യാപിപ്പിക്കുന്ന മുറയ്ക്ക് മറ്റ് ജില്ലകളിൽ ഇപ്പോൾ നടപ്പിലാക്കി വരുന്ന കിശോരി ശക്തിയോജന ഘട്ടംഘട്ടമായി നിർത്തലാക്കുമെന്നും 2017- |

| | |
|---|---|
| | 18 ൽ വയനാട്, കണ്ണൂർ എന്നി ജില്ലകൾ കൂടി SAG പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും, SAG പദ്ധതിയുടെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ/ നിബന്ധനകൾ ഉടനേ സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കുന്നതാണെന്ന് കേന്ദ്ര സർക്കാരിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ട്. |
| (ഡി) പദ്ധതികളുടെ ഗുണഫലം ഭൂരിഭാഗം പേർക്കും അപ്രാപ്യമാക്കുന്ന കേന്ദ്ര സർക്കാരിന്റെ സമീപനത്തിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) കേരളത്തിൽ 11-14 സ്കൂളിൽ പോകാത്ത വിഭാഗത്തിലുള്ളവർ വളരെ കുറവാണ്. ആയതിനാൽ പുതുക്കിയ മാർഗ്ഗ നിർദ്ദേശ പ്രകാരം പദ്ധതി നടപ്പിലാക്കുമ്പോൾ SAG പദ്ധതിയുടെ ആനുകല്യങ്ങൾ അർഹതപ്പെട്ട പെൺകുട്ടികൾക്ക് ലഭ്യമാകാതെ പോകും. ഇക്കാര്യങ്ങളെല്ലാം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വന്ന് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ